## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1620** | **21.03.2012- ൽ മറുപടിക്ക്**

### കൃഷി ഓഫീസർമാരുടേയും അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടേയും ഒഴിവുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിൽ എത്ര കൃഷി ഓഫീസർമാരുടേയും അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടേയും ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഇവ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | **കൃഷി ഓഫീസർ** - ജില്ലയിൽ നിലവിൽ 6 ഒഴിവുകൾ ഉണ്ട്. പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. അവരെ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നതിനുള്ള നടപടികൾ തുടരുന്നു. നിയമന ഉത്തരവ് നൽകുന്നതോടുകൂടി കാസർഗോഡ് ജില്ലയിലെ കൃഷി ഓഫീസർമാരുടെ എല്ലാ ഒഴിവുകളും നികത്തുന്നതാണ്.<br>**കൃഷി അസിസ്റ്റന്റ്** - കൃഷി അസിസ്റ്റന്റുമാരുടെ 14 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ ലിസ്റ്റ് നിലവിലില്ലാത്തതു കാരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

2